എതിരാളിനേരങ്ങളെ ശ്രദ്ധിക്കുന്ന കവിത.

പ്രൊഫ.സി.ആർ.പ്രസാദ്.

കുഞ്ഞപ്പ പട്ടാന്നൂരും തുടങ്ങിയത് പതിവുപോലെ അവിടുന്ന തന്നെയാണ്. കവിതയെന്നാൽ സ്വപ്നാടനം മാത്രമാണെന്ന ചിന്ത അത്രഗുരുതരപ്രശ്നമല്ലായിരുന്ന അക്കാലത്ത്. 1962-ൽ മാതൃഭൂമിയുടെ ബാലപംക്തിയിൽ എഴുതിത്തുടങ്ങുമ്പോൾ പട്ടാന്നൂരിന്റെ ഭാവനയും
മോഹനങ്ങളാം സ്വപ്നശതങ്ങളാൽ
മാമകാത്മാവിൽ ഭാവന നെയ്തിട്ടും
സങ്കൽപങ്ങൾ തൻ സുന്ദരലോകത്തിൽ
സല്ലപിക്കുവാൻ വന്നു ചേരുന്നു, നീ. (സംതൃപ്തി). എന്നെഴുതുന്നതിലാണ് സന്തോഷം കണ്ടെത്തിയത്.മാത്രമല്ല,
എല്ലാം മറക്കട്ടെ,ഞാനലിഞ്ഞീടട്ടെ
നിന്നാത്മസംഗീത നിസ്തന്ദ്രധാരയിൽ (വിസ്മൃതി)എന്നുവരെ എഴുതാനും അദ്ദേഹം മടികാണിച്ചില്ല. എല്ലാം മറക്കാനും അലിയാനുമാണ് എഴുതുന്നതെങ്കിൽ എഴുതേണ്ട കാര്യമില്ലല്ലോ അലിഞ്ഞാൽ പോരെ എന്ന ചോദ്യം ചുറ്റുപാടും ഉയരുന്നത് പട്ടാന്നൂരും കേട്ടിട്ടുണ്ടാവണം. അതിനാലാണ് അക്കാലത്തു തന്നെ എഴുതിയ യാചകി എന്നകവിതയിൽ കവി ഒന്നു ഞെട്ടുന്നുണ്ട്.
വേദനാമൃദുനാദ വീചികളോർക്കാതെന്റെ
കാതിലായ് പതിച്ചപ്പോൾ ഞെട്ടി ഞാൻ! നോക്കീ മുന്നിൽ..
ഈ ഞെട്ടൽ താൽക്കാലികമായിരുന്നു.പട്ടാന്നൂർ എഴുത്തു പഴയപടി തന്നെ തുടർന്നു. എന്നാൽ 1973 ആയപ്പോഴേക്കും പഴയഞെട്ടലിന്റെ പരിണിതഫലമെന്ന രീതിയിൽ ഒരു തീരുമാനത്തിലെത്തുന്നുണ്ട്.
എനിക്കു നാമം ചോല്ലിയിരുന്നു മരവിക്കാൻ
മൂഢവ്യാമോഹങ്ങൾ തൻ
വല്മീകം വേണ്ട
എനിക്കസ്തിത്വദു:ഖം പാടിയിരുന്നു കേഴാൻ
ഏകാന്തദ്വീപിൻ ശ്യാമ-
സാന്ത്വനം വേണ്ട(കാഠിന്യത്തിന്റെ ഗീതം) എന്നൊരു നിലപാടിലെത്തുന്നു. ഇവിടെ മുതലാണ് കുഞ്ഞപ്പപട്ടാന്നൂർ എന്ന കവി ജനിക്കുന്നതെന്ന് വിശ്വസിക്കാനാണ് എനിക്കു താല്പര്യം. തന്റെ കാവ്യജീവിതത്തിന്റെ ആകത്തുകയായി നാലുസമാഹാരങ്ങൾ പ്രസിദ്ധീകരിക്കുമ്പോൾ ആദ്യകാലം മുതലുള്ള രചനകൾ യാതൊരു മടിയും കൂടാതെ ഉൾപ്പെടുത്താനുള്ള സത്യസന്ധത അദ്ദേഹം കാണിച്ചു. ഇത് എഴുത്തുകാരന്റെ ജീവിതസമീപനത്തിലെ നിലപാടുകൂടി വ്യക്തമാക്കുന്നുണ്ട്. ചിലരുടെ സമ്പൂർണ്ണസമാഹാരം വായിക്കാനെടുക്കുമ്പോൾ ഇവർ എഴുതിത്തുടങ്ങിയതു തന്നെ പൂർണ്ണകവിയായതിനു ശേഷമാണെന്ന തോന്നലുണ്ടാക്കാറുണ്ട്. പഴയകാല രചനകളെക്കുറിച്ചുള്ള സൂചനപോലും അതിലുണ്ടാവില്ല. ഭൂതകാലം തന്റെ ജിവിതത്തിന്റെ ഈടുവെയ്പ്പാണെന്നു കരുതുന്ന പട്ടാന്നൂരിനെപ്പോലുള്ളവർക്ക് അതുകൊണ്ടു തന്നെ ഒന്നും മറയ്ക്കാനുമില്ല. കവിത കുഞ്ഞപ്പ പട്ടാന്നൂർ എന്ന പേരിൽ നാലു വാല്യങ്ങളിലായി സമാഹരിച്ചിരിക്കുന്ന ഇദ്ദേഹത്തിന്റെ കവിതകൾ ഈ കവിയുടെ കാവ്യജീവിതത്തിന്റെ പരിണാമത്തെ മാത്രമല്ല കേരളീയജീവിതത്തിന്റെ പരിണാമത്തെക്കൂടി സാക്ഷ്യപ്പെടുത്തുന്ന ഒന്നായിത്തീരുന്നുണ്ട്.1962 മുതൽ 2016 വരെയുള്ള കാവ്യജീവിതമാണ് ഈ നാലു വാല്യങ്ങൾ.

1999-ൽ വയലുകൾ എന്ന സമാഹാരത്തെക്കുറിച്ച് അയ്യപ്പപ്പണിക്കരെഴുതിയ ഒരഭിപ്രായം ഇവിടെ സൂചിപ്പിക്കേണ്ടതായുണ്ട്. "തെയ്യങ്ങളുടെ നാട്ടിലെ ജീവിതാവബോധം തന്നെ താളത്തിന്റെ ഭാഷയിൽ അനുഭവിക്കപ്പെടുന്നു.
അവതിരിക്കപ്പെടുന്നു.പട്ടാന്നൂർ ശൈലി അതുകൊണ്ട് നാം കേട്ടു പഴകിയതല്ല.ഒരു പ്രദേശത്തിന്റെ മുഴുവൻ തുടിയും തുടിപ്പും അതിലുണ്ട്.അത്യുത്തരകേരളത്തിന്റെ ഭൂപ്രകൃതിയും ഭാഷാപ്രകൃതിയും കാവ്യരൂപവും നിഗീർണ്ണമായ താളബോധവും അതിനു വ്യക്തിത്വം നൽകുന്നു." അയ്യപ്പപ്പണിക്കർ പറഞ്ഞിരിക്കുന്നത് അനുഭവിക്കപ്പെടുന്നു അവതരിക്കപ്പെടുന്നു എന്നാണ് അല്ലാതെ അനുഭവിപ്പിക്കപ്പെടുന്നു അവതരിപ്പിക്കപ്പെടുന്നു എന്നല്ല. കവിതയിലെ അനുഭവം സ്വാഭാവികമായുണ്ടാകുന്നു എന്ന

സൂചനയാണ് ഇത്. പട്ടാന്നൂരിന്റെ കവിത ഒരു ജനസംസ്കൃതിയുടെ ആവിഷ്കാരമാണെന്ന് കൃത്യമായി പറഞ്ഞു വെച്ചിരിക്കുകയാണ് അദ്ദേഹം. കവിതയെഴുത്ത് അനുനഭവിപ്പിക്കലാണെന്ന ധാരണയിൽ നിന്നുമാറി അത് അനുഭവമായിത്തീരുന്നിടത്താണ് പട്ടാന്നൂർക്കവിത ഉരുവം കൊള്ളുന്നതെന്ന പണിക്കരുടെ സാക്ഷ്യപത്രം ഈ കവിയുടെ രചനാപദ്ധതിയെ വ്യക്തമാക്കുന്നതാണ്.

കാർമേഘത്തിന്റെ ഘോഷയാത്രക്കിടയിൽ
നക്ഷത്രത്തിന്റെ കണ്ണുകൾ
കെട്ടുപോകുന്നില്ല
പുള്ളിപ്പുലിയുടെ പുള്ളികൾ
പ്രേതഭൂമിയിടെ ശീതങ്ങളിൽ
മാഞ്ഞുപോകുന്നില്ല( ഇത് വിലാപഗീതമല്ല) എന്നെഴുതുന്ന പട്ടാന്നൂർ, കവിതയുടെ സാമൂഹികദൌത്യമെന്താണെന്ന് വ്യക്തമായ ധാരണയുള്ള കവിയാണ്. കവിത ഒരു രാഷ്ട്രീയപ്രവർത്തനം കൂടിയാണെന്ന് അദ്ദേഹം മനസ്സിലാക്കിയിട്ടുണ്ട്.അതുകൊണ്ടാണ് പലതിനിടയിലും മാഞ്ഞുപോകാത്ത സാമൂഹികപ്രതിജ്ഞാബദ്ധതയെ എപ്പോഴും തന്റെ കവിതയുടെ പ്രാണവായുവായി അദ്ദേഹം കൂടെക്കൊണ്ടു നടക്കുന്നത്.താൻ നിൽക്കുന്നത്  കാലപ്രവാഹത്തിന്റെ കരയിൽ തന്നെയാണ് . എന്നാൽ ആ കാലം ഒഴുകുന്നത് കേരളീയരെ എന്നും ആകർഷിക്കുന്ന നിളപോലെയല്ല എന്നും അതൊരു ഓടപോലെയാണെന്നും കുഞ്ഞപ്പപട്ടാന്നൂർ തിരിച്ചറിയുന്നത് സ്വപ്നത്തിന്റെ അതിഭൌതികതയിൽ നിന്നു കൊണ്ടു ജീവിതത്തെ കാണുന്നതുകൊണ്ടല്ല, മറിച്ച് ചരിത്രത്തെയും സ്വന്തം അനുഭവത്തെയും സാക്ഷിനിർത്തി വർത്തമാനകാലത്തെ വിലയിരുത്തുന്നതുകൊണ്ടാണ്. ഓടവക്കത്തുനിന്നും ചിലചോദ്യങ്ങൾ എന്ന കവിത എഴുതുമ്പോൾ ഈ കവിയുടെ ചിന്തയിൽ കേരളത്തിന്റെ ഭൂതകാലഅനുഭവങ്ങളും വർത്തമാനകാലയാഥാർത്ഥ്യവും ഒരു പോലെ വന്നുകയറുന്നുണ്ട്. വർത്താമാനകാലത്തിന്റെ ദുരിതങ്ങൾ വിവരിക്കാൽ ചിലർ ഭൂതകാലത്തിന്റെ മഹിമാവർണ്ണനയിലേക്ക് ഓടിയൊളിക്കാറുണ്ട്. ഇന്നത്തെ ദുരിതത്തെ മറയ്ക്കുവാൻ കാൽപനികതയുടെ ഈ സ്വപ്നാടത്തിന് സാധിക്കുകയില്ല. കരകവിഞ്ഞൊഴുകുന്ന നിള ഒരു കാലത്തിന്റെ യാഥാർത്ഥ്യമായിരുന്നെങ്കിൽ ഇന്നങ്ങനെയല്ല. അത് ഒരു ഓടയ്ക്കു സമാനമായിത്തീർന്നിരിക്കുന്നു. ഈ യാഥാർത്ഥ്യത്തെ അംഗീകരിക്കാതെ അതിൽ നിന്നുരക്ഷപെടാൻ ഭൂതകാലനിളയെ തോറ്റിയുണർത്താൻ ശ്രമിക്കുന്നത് വർത്തമാനകാലത്തിൽ നിന്നും രക്ഷപെടാനുള്ള എളുപ്പമാർഗമാണ്. അതറിയാമെന്നതുകൊണ്ടാണ് പട്ടാന്നൂർ ഓടവക്കത്തുനിന്നു ചില ചോദ്യങ്ങൾ ചോദിക്കാൻ തുനിയുന്നത്. ഓടയിൽ ഒഴുകിയെത്തുന്ന ചേറെല്ലാം അധികാരത്തിന്റെ അന്തപ്പുരത്തിൽ നിന്നാണെന്ന് തിരിച്ചറിയണമെങ്കിൽ ആ ഓടവക്കിൽ യാഥാർത്ഥ്യബോധത്തോടെ നിൽക്കണം. നിൽക്കുന്നതവിടെയാണെങ്കിലും ആ ദുർഗന്ധം അകറ്റാൽ സ്വപ്നത്തിന്റെ പനിനീർപ്പരിമളം അന്വേഷിച്ചാൽ ഈ സത്യം തിരിച്ചറിയുകയില്ല. വർത്തമാനകാലത്തിൽ നിൽക്കുമ്പോൾ ആകാശകുസുമത്തെ ഇറുക്കാൻപട്ടാന്നൂർ പോകുന്നില്ല. അതുകൊണ്ടു തന്നെയാണ് നിള ഇന്നു നിളയല്ല എന്ന കവിത അദ്ദേഹത്തിന് എഴുതേണ്ടതായി വരുന്നത്. ഭൂതകാലത്തിന്റെ ഓർമ്മകളെ ഈ കവിതയിൽ കവി കൊണ്ടു വരുന്നത് അതിലേക്ക് സ്വപ്നസഞ്ചാരം നടത്താനല്ല , വർത്തമാനത്തിന്റെ പൊള്ളിക്കുന്ന യാഥാർത്ഥ്യം അവതിപ്പിക്കാനാണ്. അതുകൊണ്ടാണ് നിള ഇന്നു നിളയല്ല,പെരിയ നദിയിന്നെന്റെ / പൊറുതിയുടെ പൊള്ളുന്ന മണൽനിരപ്പ് എന്ന് കവിത അവസാനിപ്പിക്കുന്നത്. ഇങ്ങനെ ഭൂതകാലത്തെയും വർത്തമാനകാലത്തെയും താരതമ്യം ചെയ്യുന്ന മനസ്സിന്റെ സാന്നിദ്ധ്യം ഒട്ടുമിക്ക രചനകളിലും കാണാം.

കൊമ്പുകുലുക്കിയെത്തുന്ന
മുട്ടനാടുകളെ നമുക്കു വിഗണിക്കാം
പക്ഷേ,
മേച്ചിൽ പുറങ്ങളിൽ
വിഷപ്പുല്ലിന്റെ വിതകൾ തിന്നുകൊഴുക്കുന്ന
കുഞ്ഞാടുകളെ സൂക്ഷിക്കണം!(ചില ഓർമ്മപ്പെടുത്തലുകൾ)

എന്ന് എഴുതുന്നത് ഈ അനുഭവങ്ങളുടെയും രണ്ടുകാലത്തിന്റെ താരതമ്യത്തിലൂടെ കിട്ടുന്ന തിരിച്ചറിവിന്റെയും അടിസ്ഥാനത്തിലാണ്. ഒരു കവി ജീവിതത്തെ നോക്കിക്കാണുന്നത് സ്വന്തം ലാഭത്തിനുവേണ്ടിയാകുമ്പോൾ എഴുത്തിൽ

സമൂഹത്തിന്റെ സാന്നിധ്യം വളരെക്കുറവാകാനേ സാധ്യതയുള്ളൂ. അത്തരം കവിതകളിൽ സ്വന്തം സ്വപ്നങ്ങളും ആഗ്രഹങ്ങളും മാത്രമാകും വരികളുടെ ഇടയിൽക്കൂടി സംസാരിക്കുന്നത്. എന്നാൽ കുഞ്ഞപ്പ പട്ടാന്നൂരിന്റെ കവിതകൾ ജീവനെടുക്കുന്നത് സമൂഹമധ്യത്തിലാണ്.

ഒറ്റയടിപ്പാതകളിൽ കാൽനടപോയി തിരിച്ചെത്തിയിട്ടുമതി
രാജപാതകൾക്ക് അധിപതിയായ് ചുങ്കം പിരിക്കാൻ(ഭൂമിയിൽ വേറെയും ആളുകളുണ്ട്)
എന്നെഴുതുന്നത് ഈ മനോനിലയുടെ തെളിവാണ്. സമൂഹത്തിന്റെ ഇടയിൽ ജീവിച്ചുകൊണ്ട് കവിതയെഴുതുന്നത് സ്വന്തമായ സ്വപ്നങ്ങളെ ലാളിക്കുവാനോ സ്വന്തമായുണ്ടാകുന്ന അധികാരത്തെ തൃപ്തിപ്പെടുത്താനോ ആയിരിക്കരുത്. തനിക്ക് ജീവതം നൽകുന്ന സമൂഹത്തിന്റെ സാന്നിധ്യം തിരിച്ചറിയുന്നതിനായുള്ള ശ്രമം ഏതൊരു സന്ദർഭത്തിലുമുണ്ടായിരിക്കണം.അതുകൊണ്ടാണ് പട്ടാന്നൂരിന്റെ ഒട്ടുമിക്ക കവിതകളിലും നിരത്ത് ഒരു സാന്നിധ്യമായി വരുന്നത്. ഈ നാലുസമാഹാരത്തിലും നിരത്തിനെക്കുറിച്ചുള്ള പരാമർശം വരുന്ന കവിതകളെടുത്താൽ അത് ഒരു വലിയ സംഖ്യയായിരിക്കും.

ചലനത്തിന്റെ പ്രതീകമായ നിരത്ത് ജീവിതത്തിന്റെ വൈവിധ്യത്തെയും സംഘർഷത്തെയും സൌഹൃദത്തെയും എല്ലാം നിറയ്ക്കുന്ന ഇടമാണ്. കൊട്ടാരത്തിൽ നിന്നും നിരത്തിലേക്കിറങ്ങിയ സിദ്ധാർത്ഥൻ ബുദ്ധനായിമാറിയതിനു പിന്നിൽ ഈ യാഥാർത്ഥ്യമാണുള്ളത്. പട്ടാന്നൂരിന്റെ ഒട്ടുമിക്കകവിതകളും നിരത്തിനെക്കുറിച്ചാലോചിക്കുന്നതിനു കാരണം കവിയുടെ ജീവിതനിലപാടു തന്നെയാകാം.അതാണു വഴി,കാട്ടുപാതയിൽ സഞ്ചരിക്കുന്ന കൂട്ടുകാരനോട്,ഇതാ തെരുവിൽ ചോരയാണ്, പഴതാരവഴികൾ,തെരുവിന്റെ നെഞ്ചിൽ നിന്നും,യാത്രകൾ,പ്രിതിരോധവഴികളിൽ,തെരുവിലൊരു പെണ്ണിന്റെ നെഞ്ചിൽ നിന്നും,വഴികൾ, എന്റെ നാട്ടുവഴികളിലാരുണ്ട്,കാര്യങ്ങൾ ഇപ്പോൾ തെരുവിലാണ്,ചരിത്രവഴികളിൽ ഇപ്പോഴും,തെരുവാധാരം,ചുമടേറ്റ വഴികളിൽ,എന്നിങ്ങനെ തലക്കെട്ടിൽ തന്നെ തെരുവുവരുന്ന രചനകളുണ്ട്. അതു കുറവാണെന്നു കരുതുകയാണെങ്കിൽ, തെരുവിന്റെ സാന്നിധ്യമുറപ്പിക്കുന്ന കവിതകളെടുത്താൽ അതെത്രയോ കൂടുതലാണെന്നു തിരിച്ചറിയും. വീട്ടിലിരുന്നു സ്വപ്നം കാണാനല്ല തെരുവിലിറങ്ങി ജീവിതം കാണാനാണ് പട്ടാന്നൂരിനു താൽപര്യം. അതുകൊണ്ടാണ് തെരുവ് ഒരു ആവേശംപോലെ കവിതകളിൽ സാന്നിധ്യമുറപ്പിക്കുന്നത്.വീടിന്റെ സ്വസ്ഥതയിൽ അഭിരമിക്കുമ്പോൾ തെരുവിലൂടെ എത്തുന്ന കടന്നാക്രമണങ്ങളെ അത്രപെട്ടെന്ന് തിരിച്ചറിയണമെന്നില്ല. അതിനു കഴിയണമെങ്കിൽ ഉണർന്നിരുന്ന് തെരിവിലേക്ക് ശ്രദ്ധിക്കണം.നേരം കെട്ട/ ഈ നേരത്ത് /ഉണർന്നിരിക്കാൻ /നീയല്ലാതെ ഞാനല്ലാതെ മറ്റാര്?( ആസന്നം) എന്ന് കവി ഉത്ക്കണ്ഠപ്പെടുന്നത് അതുകൊണ്ടാണ്.
ഈ ഉണർച്ചയിൽ നിന്നുകൊണ്ടാണ് രണ്ടു തെരുവുകളുടെ യാഥാർത്ഥ്യത്തെക്കുറിച്ച് ഭൂമിയിൽ വേറെയും ആളുകളുണ്ട് എന്ന കവിതയിൽ പട്ടാന്നൂർ ഇങ്ങനെയെഴുതിയത്.

വാഹനയാത്രികരെക്കാൾ ജീവിതാനുഭവം കാൽനടക്കാർക്കാണുണ്ടാവുക. രാജപാത വാഹനത്തിനുള്ളതും ഒറ്റയടിപ്പാത നടക്കാനുള്ളതുമാണെന്ന കേവലമായ വ്യത്യാസം മാത്രമല്ല ഇവിടെ സൂചിപ്പിക്കപ്പെടുന്നത്. ജീവിതാനുഭവത്തിലൂടെ അധികാരത്തിലെത്തുന്നവർക്കുമാത്രമേ ശരിയായ ജനാധിപത്യ സ്വഭാവത്തോടെ ഭരിക്കാൻ കഴിയൂ. ഭരണത്തെക്കുറിച്ചു പറയുമ്പോൾ പോലും അതിനാശ്രയിച്ചത് തെരുവിനെയാണെന്ന വസ്തുത സൂചിപ്പിക്കുന്നതിനു വേണ്ടിയാണ് ഈ വരികളുദ്ധരിച്ചത്. പട്ടാന്നൂരിന്റെ അനുഭവങ്ങൾ സാമൂഹികതയിലാണ് വെളിച്ചം കണ്ടെത്തുന്നത്. അതുകൊണ്ടു തന്നെ പലരും ശ്രദ്ധിക്കാത്ത കാര്യങ്ങളിൽ ഈ കവിയുടെ കണ്ണുകളുടക്കുന്നു. പുരോഗമന പക്ഷത്തു നിന്നു രചന നടത്തുന്നവർക്കെതിരെ കവിത മുദ്രാവാക്യപ്രായമാണെന്ന ആക്ഷേപം പാരമ്പര്യ കാവ്യബോധം വെച്ചു പുലർത്തുന്നവരിൽ നിന്നുണ്ടായിട്ടുണ്ട്. ജീവിതത്തെ ശരിയായി കാണുകയും അതു പകർത്തുകയും ചെയ്യുന്ന് കേവലമായ മുദ്രാവക്യമല്ല എന്ന് പട്ടാന്നൂർ സ്ഥാപിക്കുകുന്നതു കാണുക.
മുദ്രാവാക്യത്തിൽ
ഒരു മുദ്രയുണ്ട്
ഒരു വാക്യവും:

മദ്രയെന്നാൽ
ചരിത്രപരതയിൽ പതിയുന്ന
ജീവിതത്തിന്റെ അടയാളെമെന്നാണർത്ഥം
വാക്യമെന്നതോ
നിലപാടുകൾ വെളിപാടുകൊള്ളുന്ന
കാലഘട്ടിത്തിന്റെ കനലാട്ടവും.(മുദ്രാവാക്യങ്ങൾ, ചുവരെഴുത്തുകൾ).

ചരിത്രബോധ്യത്തെയും അതിന്റെ വിനിമയത്തെയും ചേർത്തുവെയ്ക്കുന്നതാണ് മുദ്രാവാക്യം എന്ന നിരീക്ഷണമാണ് പട്ടാന്നൂർ ഈ വരികളിലൂടെ മുന്നോട്ടുവെയ്ക്കുന്നത്.അത് പറഞ്ഞു പഴകി അർത്ഥശോഷണം വന്ന ചിലശബ്ദങ്ങളല്ല. വിളിക്കുന്നവർ അതിന്റ ചരിത്രപരതെയക്കുറിച്ച് ബോധ്യമുള്ളവരായിരിക്കണം. അങ്ങനെയങ്കിൽ മാത്രമേ സമൂഹികമായ കൂട്ടായ്മ അതിന്റെ പിന്നിലുണ്ടാവുകയുള്ളൂ. കവിത ഇത്തരമൊരു ദൌത്യമാണ് നിറവേറ്റണ്ടതെന്ന് കവി ചിന്തിക്കുന്നു.മറ്റൊരു കവിതയിൽ ഈ ആക്ഷേപത്തിനു കൃത്യമായ മറുപടി നൽകുകയും ചെയ്യുന്നുണ്ട്.

മുദ്രാവാക്യം
ഒരു വിളിമാത്രമല്ല
മുദ്രാവാക്യത്തിൽ
മുദ്രയും വാക്യവും മാത്രമല്ല
നിവർന്നു നിൽക്കുന്നവന്റെ
ഒരു നിലയുണ്ട്
നിലപാടിന്റെ ഒരു മുഴക്കമുണ്ട്
വെളിപാടിന്റെ ഒരു തിളക്കമുണ്ട്(മുദ്രാവാക്യകവിതയെന്നാൽ)

ചരിത്രത്തെയും വർത്തമാനകാലത്തെയും സൂക്ഷ്മമായി വിശകലനം ചെയ്യുന്ന കവിയിൽ നിന്നേ എതിരാളി നേരങ്ങൾ പോലുള്ള ഒരു കവിതയുണ്ടാകൂ.

പണ്ടെത്തെ യുദ്ധങ്ങളും എതിർപ്പുകളും നേരിട്ടുള്ളവയായിരുന്നു. അതെന്താണെന്ന് എല്ലവർക്കും തിരിച്ചറിയാമായിരുന്നു. എന്നാൽ ഇന്നത്തെ കടന്നുകയറ്റലെല്ലാം നിശ്ശബ്ദമായതും വേൽപ്രച്ഛന്നമായതുമാണ്. അത് വരുന്നതെങ്ങനെയെന്നോ അതിന്റെ പരിണാമം എങ്ങനെയെന്നോ നിർവചനാതീതമാണ്. അതുകൊണ്ടു തന്നെ പ്രതിരോധപ്രവർത്തനങ്ങൾക്ക് വിജയിക്കാൻ കഴിയാതാവുന്നു. പലപ്പോഴും പ്രിതരോധത്തെപ്പോലും നിർവീര്യമാക്കുന്ന ശ്രമങ്ങൾ മുൻകൂട്ടിചെയ്തിട്ടാവും ഇത്തരം അധീശശക്തികൾ കാലുറപ്പിക്കുന്നത്. ഈ വസ്തുത എത്രഭംഗിയായാണ് എതിരാളി നേരങ്ങൾ അവതരിപ്പിക്കുന്നതെന്നു കാണുക.

അവർ
അവനെതിരെ
വാളോങ്ങുന്നില്ല
അവനായ്
വിഷക്കോപ്പ നീട്ടുന്നില്ല
പകരം
മാലിന്യങ്ങൾ കൊണ്ട്
മൂച്ചൂടും
അവനെ മൂടുന്നു.(എതിരാളി നേരങ്ങൾ)

ജനപക്ഷത്തിന്റേതാവണം കവിതയെന്ന ചിന്ത കുഞ്ഞപ്പപ്പട്ടാന്നൂരിന്റെ കാവ്യലോകത്തിന്റെ അടിസ്ഥാനശിലയാണ്. സമൂഹത്തെമാറ്റിനിർത്തിയുള്ള നിലപാട് അദ്ദേഹത്തിന്റെ രചനകളില്ലതാനും. എന്നാൽ ഈ ചിന്ത ഒരു ആവേശം പോലെ കൊണ്ടു നടക്കുന്നതിനാൽ എല്ലാറ്റിനെക്കുറിച്ചും കവിതയെഴുതണമെന്ന വാശി അദ്ദേഹത്തെ ബാധിച്ചിട്ടുണ്ട്.അത് കവിയെന്നനിലയിൽ അദ്ദേഹത്തിന്റെ രചനകളുടെ ഗൌരവത്തെ ചോർത്തിക്കളയുന്നതുമാക്കിയിട്ടുണ്ട്. എന്തുകൊണ്ട് ഈ കവി ഇത്രമാത്രം ശ്രദ്ധയോടെ സമൂഹത്തെയും കവിതയെയും തമ്മിൽ ബന്ധപ്പിക്കാൻ ശ്രമിച്ചിട്ടും അതിനുവേണ്ടത്ര

ശ്രദ്ധകിട്ടാതെ പോയി എന്ന ചോദ്യത്തിന് ഒരുത്തരമേയുള്ളൂ. അത് നേരത്തെപറഞ്ഞഅദ്ദേഹത്തിന്റെ കൈയിലിരിപ്പാണ്. പുതിയ തലമുറയുടെ കവിതകളെക്കുറിച്ച എത്രമാത്രം കവിതകളാണ് എഴുതിയിരിക്കുന്നതെന്ന കാണുക.പുതുകവിതപ്പേച്ചുകൾ,പുതുമകൾ പോയത്തങ്ങൾ,കവിയശ:പ്രാർത്ഥികൾക്ക് ഒരിടം,സമകാലികകവിത വായിക്കുമ്പോൾ. ഇത്രമാത്രം എഴുതുന്നതെന്തിനുവേണ്ടിയാണ്? ഇത് ഈ ഒരു കാര്യത്തിൽ മാത്രമല്ല, പലപ്പോഴും സമാഹരത്തിലൂടെ പോയപ്പോൾ ഇടയ്ക്കിടെ ഉയർന്നു വന്ന ചോദ്യമാണ്. അത്തരം ചോദ്യങ്ങളുയരുമ്പോഴും ഈ കവി ചരിത്രത്തിൽ രേഖപ്പെടാതെ പോവരുത്. കാരണം കവിതയുടെ സാമൂഹികദൌത്യത്തെ കാവ്യപദ്ധതിയുടെ തലത്തിൽ നിന്നുകൊണ്ട് നിർവചിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തതിൽ കുഞ്ഞപ്പപ്പട്ടാന്നൂർ നൽകിയ സംഭാവന അത്രനിസ്സാരമല്ല എന്നതാണ്.